**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2798** **18-03-2022 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷാ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിങ്ങ് എൻട്രൻസ് പരീക്ഷയ്ക്ക് പരിശീലനം നടത്തുന്നതിനായി ധന സഹായം നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്; | (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷാ പരിശീലനത്തിന് ധനസഹായം ലഭ്യമാക്കുന്ന പദ്ധതികളും മാനദണ്ഡവും ചുവടെ ചേർക്കുന്നു. 1) വിഷൻ 2013 ഈ പദ്ധതി പ്രകാരം 4.5ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധിയുള്ളവരും എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്ക് ബി+ൽ കുറയാത്ത ഗ്രേഡ് ലഭിച്ചവരുമായ പട്ടികജാതി വിദ്യാർത്ഥികൾക്ക് +2 പഠനത്തോടൊപ്പം മെഡിക്കൽ/എഞ്ചിനീയറിംഗ് കോച്ചിംഗ് പ്രവേശന പരീക്ഷയ്ക്ക് കോച്ചിംഗ് നൽകുന്നു. 2) +2 പഠനത്തിന് ശേഷമുള്ള എൻട്രൻസ് കോച്ചിംഗ് +2 വിന് സയൻസ്, ഇംഗ്ലീഷ്, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് ബി+ൽ കുറയാത്ത മാർക്കുള്ളവരും 6 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാന പരിധിയിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് എൻട്രൻസ് പരിശീലനത്തിന് ധനസഹായം നൽകുന്നു. കൂടാതെ, സംസ്ഥാനതലത്തിൽ ഹയർസെക്കന്ററി/തത്തുല്യ പരീക്ഷയിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് തെരഞ്ഞെടുക്കപ്പെടുന്ന സ്ഥാപനങ്ങൾ മുഖേന ദീർഘകാല, ഹ്രസ്വകാല പ്രവേശന പരീക്ഷാ പരിശീലനം ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (ബി) | സ്റ്റേറ്റ് സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പുറമെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാർത്ഥികൾക്ക് കൂടി ധനസഹായം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ